## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3877** — **18/10/2011-ൽ മറുപടിക്ക്**

### ആർ.എം.എസ്.എ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് ആർ. എം.എസ്. എ.യിൽ ഉൾപ്പെടുത്തി എത്ര ഹൈസ്കൂളുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | ആർ. എം.എസ്. എ. പ്രകാരം 2009-10 ൽ അനുവദിച്ച 60 ഹൈസ്ക്കൂളുകളാണ് 2011-12 അധ്യയന വർഷം ആരംഭിച്ചിട്ടുള്ളത്. |
| ബി) | പ്രസ്തുത സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതിയിൻകീഴിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | ഉണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഓരോ സ്കൂളിനും 58.12 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുകയിൽ നാല് ക്ലാസ്സ് റൂമുകൾക്ക് ക്ലാസ് റൂം ഒന്നിന് 5.63 ലക്ഷം രൂപ വീതം 22.52 ലക്ഷവും സയൻസ് ലാബിന് 6.10 ലക്ഷവും, ലാബ് ഉപകരണങ്ങൾക്ക് 1 ലക്ഷവും, ഹെഡ്മാസ്റ്റർ റൂമിന് 5 ലക്ഷവും ഓഫീസ് റൂമിന് 5 ലക്ഷവും കമ്പ്യൂട്ടർ റൂമിന് 5 ലക്ഷവും ആർട്ട്/ക്രാഫ്റ്റ് റൂമിന് 5 ലക്ഷവും ലൈബ്രറിക്ക് 7 ലക്ഷവും ടോയിലറ്റിന് 1 ലക്ഷവും കുടിവെള്ള സൗകര്യത്തിന് 50,000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 20 ലക്ഷം രൂപാ വീതം ആദ്യ ഗഡുവായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| സി) | അനുവദിച്ച തുക ചെലവഴിക്കുന്നതിനുള്ള മാർഗ നിർദ്ദേശം നൽകാത്തത് കാരണം പല സ്കൂളുകളിലും കെട്ടിടം അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പി. റ്റി. എ. ക്ക് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ